# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് – തിരുവനന്തപുരം 695014.**
**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - ksta.state@gmail.com**

പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 2015 July 09

***സർക്കാരും മാനേജർമാരും ഒത്തുകളിച്ചു***

## അധ്യാപക പാക്കേജ് –
## സർക്കാർ തീരുമാനം നിരാശാജനകം

### കെ എസ് ടി എ

അധ്യാപകരുടെ ജോലിസംരക്ഷണവുമായി ബന്ധപ്പെട്ട സർക്കാർ തീരുമാനം നിരാശാജനകമാണെന്ന് കെ.എസ്.ടി.എ സംസ്ഥാന കമ്മിറ്റി അഭിപ്രായപ്പെട്ടു. സ്വകാര്യ സ്കൂൾ മാനേജ്മെന്റുകളുടെ താൽപര്യം സംരക്ഷിക്കുകമാത്രമാണ് സർക്കാർ ചെയ്തത്. പാക്കേജുമായി ബന്ധപ്പെട്ട് അധ്യാപകസംഘടനകളുമായി ചർച്ചനടത്തിയെന്ന സർക്കാർവാദം അടിസ്ഥാനരഹിതമാണ്.

അധ്യാപക–വിദ്യാർത്ഥി അനുപാതം 1:30, 1:35 എന്നാക്കി മാറ്റണമെന്നത് ദേശീയ വിദ്യാഭ്യാസ അവകാശ നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള കാര്യമാണ്. ഈ നിർദ്ദേശം നടപ്പിലാക്കും എന്ന് സർക്കാർ മുമ്പേ വാഗ്ദാനം ചെയ്തതുമാണ്. എന്നാൽ മറ്റേതുകാര്യത്തിലുമെന്നതുപോലെ ഈ വാഗ്ദാനവും സർക്കാർ പാലിച്ചില്ല.

അധ്യാപകരുടെ ആശങ്കകൾ തുടരുകയാണെന്നും അധ്യാപക–വിദ്യാർത്ഥി അനുപാതം 1:30, 1:35 എന്ന് കണക്കാക്കി തസ്തിക സൃഷ്ടിച്ച് അധ്യാപകരുടെ ജോലി സംരക്ഷിക്കണമെന്നതാണ് കെ.എസ്.ടി.എ യുടെ നിലപാട്. പ്രശ്നം ശാശ്വതമായി പരിഹരിക്കാതെ താൽക്കാലികമായി പ്രശ്നത്തെ സമീപിക്കുന്നത് സമീപഭാവിയിൽ ഗുരുതരമായ പ്രത്യാഘാതങ്ങൾക്ക് ഇടയാക്കും. ഈ വർഷത്തെ കുട്ടികളുടെ എണ്ണക്കുറവുകൂടി പരിഗണിച്ചാൽ 21,000 അധ്യാപകരാണ് തസ്തികയില്ലാതെ നിൽക്കുന്നത്.

പാക്കേജുമായി ബന്ധപ്പെട്ട മന്ത്രിസഭായോഗതീരുമാനത്തിന് ഗവ.സ്കൂളുകളിൽ അനുപാതം കുറക്കാതെ മാനേജ്മെന്റ് സ്കൂളുകളിൽ മാത്രമായി പരിമിതപ്പെടുത്തിയത് അശാസ്ത്രീയമാണ്. 2010–11 നുശേഷം ഗവൺമെന്റ് വിദ്യാലയങ്ങളിൽ ഇതിന്റെ ഭാഗമായി പുതുതായി ഒരു തസ്തികയും സൃഷ്ടിക്കപ്പെടുന്നില്ല എന്നത് പ്രതിഷേധാർഹമാണ്. സ്പെഷ്യലിസ്റ്റ് അധ്യാപകരെ പുതുതായി നിയമിക്കുമെന്നും പ്രഖ്യാപിച്ചു. അതിനായി ടൈംടേബിൾ ക്രമീകരണംവരെ നടത്തിയെങ്കിലും അധ്യാപക നിയമനത്തിന് പഴയ വ്യവസ്ഥതന്നെ കണക്കാക്കും എന്നാണ് മന്ത്രിസഭായോഗം തീരുമാനിച്ചിട്ടുള്ളത്.

അനാദായകരമായ വിദ്യാലയങ്ങളിലെ അധ്യാപക നിയമനത്തെക്കുറിച്ച് വ്യക്തതയില്ലാത്ത നിലപാടാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്.

2015–16 മുതൽ 1:45 എന്ന അനുപാതം അനുസരിച്ചായിരിക്കും തസ്തികകൾ അനുവദിക്കുക എന്ന തീരുമാനം ശാശ്വതമായി പ്രശ്നം പരിഹരിക്കാൻ സർക്കാരിന് താൽപര്യമില്ലെന്നതിന്റെ നല്ല അടയാളമാണ്. ആയതിനാൽ 2010–11 മുതൽ അധ്യാപക തസ്തിക ഗവൺമെന്റ് – എയ്ഡഡ് വ്യത്യാസമില്ലാതെ അനുപാതം കുറച്ച് തസ്തിക നിർണയിച്ച് ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്തിയേ മതിയാകൂ. അധ്യാപകരുടെ ജോലിസംരക്ഷണമെന്ന മുദ്രാവാക്യമുയർത്തികൊണ്ടുള്ള പ്രക്ഷോഭങ്ങൾ സംഘടന ശക്തിപ്പെടുത്തുമെന്ന് ജനറൽസെക്രട്ടറി കെ.സി.ഹരികൃഷ്ണൻ പ്രസ്താവനയിലൂടെ പറഞ്ഞു.

**കെ സി ഹരികൃഷ്ണൻ**
ജനറൽ സെക്രട്ടറി